"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - എറണാകുളം ജില്ലയിലെ ആലങ്ങാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II, ശ്രീമതി റഹ്മത്ത് എ. എസ്.-ന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.209/2026/AYUSH തീയതി, തിരുവനന്തപുരം, 29-03-2026

---

പരാമർശം:- (1) ശ്രീമതി റഹ്മത്ത് എ.എസ്. സമർപ്പിച്ച 16/12/2024-ലെ അവധി അപേക്ഷ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 26/11/2025, 28/02/2026 എന്നീ തീയതികളിലെ DHTVM/1038/2024-EA5 - നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ആലങ്ങാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II, ശ്രീമതി റഹ്മത്ത് എ. എസ്.-ന് തന്റെ മകന്റെ ചികിത്സാർത്ഥം 17/12/2024 മുതൽ 31/12/2025 വരെ 380 ദിവസങ്ങളിലേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ, പരാമർശം-(2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി തുടർനടപടികൾക്കായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത് ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, എറണാകുളം ജില്ലയിലെ ആലങ്ങാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II, ശ്രീമതി റഹ്മത്ത് എ.എസ്.-ന് തന്റെ മകന്റെ പരിചരണത്തിനായി, 17/12/2024 മുതൽ 31/12/2025 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം-I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.

2. ശ്രീമതി റഫ്മത്ത് എ.എസ്., സർക്കാർ ഹോമിയോ ഡിസ്പെൻസറി, ആലങ്ങാട്, എറണാകുളം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), എറണാകുളം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (28.02.2026-ലെ E 3367525/HLT-B3/1002/2025-FIN - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/225/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Baiju G
Date: 30-03-2026 15:04:16

സെക്ഷൻ ഓഫീസർ.